# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5793 — 02/7/2019-ലെ മറുപടി

## വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ്

### ചോദ്യം

ശ്രീമതി. യു.പ്രതിഭ

കായംകുളം കേന്ദ്രമാക്കി വാട്ടർ അതോറിറ്റിയുടെ ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

### മറുപടി

കെ.കൃഷ്ണൻകുട്ടി

(ജലവിഭവ വകുപ്പുമന്ത്രി)

കായംകുളം കേന്ദ്രമാക്കി ഒരു പുതിയ ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്ന ബഹുമാനപ്പെട്ട കായംകുളം എം.എൽ.എ യുടെ നിവേദനം പരിശോധിക്കുകയും ആലപ്പുഴ പി.എച്ച് ഡിവിഷൻ വിഭജിച്ച് കായംകുളം ആസ്ഥാനമാക്കി ഒരു പുതിയ ഡിവിഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത കേരള വാട്ടർ അതോറിറ്റിയുടെ മധ്യമേഖലാ ചീഫ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് കേരള വാട്ടർ അതോറിറ്റിക്ക് സ്വന്തമായി സ്ഥലംസൗകര്യം ഉണ്ടെന്ന വസ്തുത കണക്കിലെടുത്തും രണ്ട് ലക്ഷത്തിലേറെ വാട്ടർ കണക്ഷനുകൾ ഉള്ള ആലപ്പുഴ ഡിവിഷന്റെ ജോലിഭാരം കുറയ്ക്കുന്നതിനുമായി പ്രസ്തുത ഡിവിഷന്റെ കീഴിലുള്ള 5 സബ് ഡിവിഷനുകളിൽ നിന്നും മാവേലിക്കര, ഹരിപ്പാട് സബ് ഡിവിഷനുകൾ ചേർത്ത് കായംകുളത്ത് ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യത്തിന്മേലുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

Renuka Sankar

സെക്ഷൻ ഓഫീസർ

JSK/